# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4167 — 25/6/2018-ലെ മറുപടി

## വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണ കുടിശ്ശിക

**ചോദ്യം**

ശ്രീ. വി.ടി.ബൽറാം

ശ്രീ. പി.ടി.തോമസ്

**മറുപടി**

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) കേരള വാട്ടർ അതോറിറ്റിയിൽ 01/07/2014 മുതലുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് എത്രയും വേഗം വിതരണം ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(എ) ഉണ്ട്.
സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പെൻഷൻ പരിഷ്കരണ കുടിശ്ശിക ഗഡുക്കളായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) വാട്ടർ അതോറിറ്റിയിൽ പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോയെന്നും ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ;

(ബി) ഉണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം 2016 മുതൽ 2017 ഏപ്രിൽ വരെയുള്ള കമ്യൂട്ടേഷൻ കുടിശ്ശിക ഗഡുക്കളായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത സ്ഥാപനത്തിലെ പെൻഷൻകാരുടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാൻ കുടിശ്ശികയായുള്ളതെന്ന് തുകയടക്കം ഇനം തിരിച്ച് വ്യക്തമാക്കാമോ?

(സി) **(തുക കോടിയിൽ)**

| ഇനം | കുടിശ്ശിക തുക |
|---|---|
| 2016 ജൂലൈ മുതലുള്ള കമ്യൂട്ടേഷൻ | 83.82 |
| 2018 ഫെബ്രുവരി മുതലുള്ള ഗ്രാറ്റുവിറ്റി | 3.48 |
| 2018 മാർച്ച് മുതലുള്ള ടെർമിനൽ സറണ്ടർ | 2.66 |
| പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിന് ആവശ്യമായ തുക | 147.27 |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/